



**എസ്. ഹരികിഷോർ ഐഎഎസ്**
(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)

# ആദിവാസി വിഭാഗങ്ങളുടെ ഉന്നമനം; ദേശീയ ശ്രദ്ധനേടിയ പ്രവർത്തനം

കഴിഞ്ഞ മൂന്നു വർഷത്തെ കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ മികച്ചതേതാണ് എന്നു ചോദിച്ചാൽ അട്ടപ്പാടിയിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തുന്ന സമഗ്രവികസന പദ്ധതി മുൻപന്തിയിൽ നിൽക്കുമെന്ന് ഉറപ്പിക്കാം. മൂന്നു വർഷങ്ങൾക്കു മുൻപ് അൻപതിലധികം ശിശുമരണങ്ങൾ അട്ടപ്പാടിയിൽ ഉണ്ടാവുകയും ഇതു ദേശീയതലത്തിൽ ചർച്ചയാവുകയും ചെയ്തപ്പോഴാണു മറ്റു വകുപ്പുകളുമായി സംയോജനം ഉറപ്പാക്കിക്കൊണ്ടു പ്രവർത്തനത്തിന്റെ ചുക്കാൻ കുടുംബശ്രീയെ ഏൽപ്പിച്ചത്.

ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ, കഴിഞ്ഞ വർഷങ്ങളിൽ അട്ടപ്പാടിയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ അവിടെ താമസിക്കുന്ന പട്ടികവർഗ വിഭാഗക്കാരുടെ സമഗ്രവികസനത്തിനുള്ള അടിത്തറ പാകി എന്ന് ഉറപ്പിച്ചു പറയാം. ശിശുമരണങ്ങൾ ഇല്ലാതാവുകയും ജനിക്കുന്ന കുട്ടികളുടെ ശരീരഭാരം മൂന്നു കിലോയിലധികം (മൂന്നു വർഷങ്ങൾക്കു മുൻപ് ശരാശരി ഒന്നര കിലോയായിരുന്നു നവജാതശിശുക്കളുടെ ശരീരഭാരം) ആവുകയും ചെയ്തുവെന്ന ഒരൊറ്റ കാര്യമെടുത്താൽ പ്രവർത്തനങ്ങൾക്കു ഫലം കണ്ടുവെന്നു പറയാം.

അട്ടപ്പാടിയിൽ പട്ടികവർഗ കുടുംബങ്ങൾക്കായി നടപ്പാക്കിയ ഈ പ്രത്യേക പ്രോജക്ടിന്റെ തുടക്കവും ഈ പ്രോജക്ടിലെ സുപ്രധാനമായ ഒരു ഘടകവുമാണു 'കമ്യൂണിറ്റി കിച്ചൺ.' പോഷകാഹാരക്കുറവാണു ശിശുമരണങ്ങൾക്കു പ്രധാന കാരണമെന്ന തിരിച്ചറിവിൽനിന്നാണു ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും പ്രായമായവർക്കും പോഷകാഹാരം നൽകാൻ 'കമ്യൂണിറ്റി കിച്ചൺ' ആരംഭിച്ചത്. അട്ടപ്പാടിയിലെ 192 ഊരുകളിലും ഗുണഭോക്താക്കളെ കണ്ടെത്തി പതിനായിരത്തിലധികം പേരെയാണു നേരിട്ടു പോഷകാഹാരം നൽകുന്ന ഈ പദ്ധതിയുടെ ഭാഗമാക്കിയത്.

സാമൂഹികനീതി വകുപ്പും ട്രൈബൽ വകുപ്പുമാണ് ഈ പദ്ധതിക്കായി പണം നൽകിയത്. നടപ്പാക്കിയതു കുടുംബശ്രീയാണ്. ഊരിൽനിന്നുള്ള അംഗങ്ങൾ അടങ്ങിയ സമിതിയുടെ നേതൃത്വത്തിൽ പച്ചക്കറികളും ധാന്യങ്ങളും വാങ്ങി എല്ലാ ദിവസവും ആവശ്യക്കാർക്കും പോഷകാഹാരക്കുറവു കണ്ടെത്തിയവർക്കും ഭക്ഷണം നൽകുന്ന പദ്ധതിയാണ് കമ്യൂണിറ്റി കിച്ചൺ. ശിശുമരണങ്ങൾ ഒഴിവാക്കാൻവേണ്ടി വകുപ്പുകൾ നടത്തുന്ന പ്രവർത്തനത്തിന്റെ തുടക്കവും ഇതുതന്നെയാണ്. മൂന്നു വർഷത്തെ പ്രവർത്തനം വിജയത്തിലെത്തിയതിനാൽ ഇനി കമ്യൂണിറ്റി കിച്ചണുകളെ 'ന്യൂട്രീഷൻ എജ്യുക്കേഷൻ സെന്ററാ'ക്കി മാറ്റാനുള്ള തയാറെടുപ്പിലാണു കുടുംബശ്രീ.

വിദ്യാഭ്യാസ മേഖലയിലാണു കുടുംബശ്രീയുടെ മറ്റൊരു സമഗ്രമായ ഇടപെടൽ. സ്കൂളിൽനിന്നു പഠനം നിർത്തി വർഷങ്ങളായി വെറുതെയിരിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്കു തുല്യതാപഠനം നൽകുന്ന 'ബ്രിഡ്ജ് സ്കൂൾ' പദ്ധതിയാണ് ഇതിൽ പ്രധാനപ്പെട്ടത്. മുഴുവൻ സമയവും താമസിച്ചു പഠിക്കുന്ന ഈ ബ്രിഡ്ജ് സ്കൂളിൽ 100 കുട്ടികൾ ഇപ്പോൾ പഠിക്കുന്നു. ആരോഗ്യത്തെക്കുറിച്ചും ശുചിത്വശീലങ്ങളെക്കുറിച്ചും കുട്ടികൾക്ക് അറിവു നൽകാൻ എല്ലാ കോളനിയിലും രാവിലെ ഒരു മണിക്കൂർ നൽകുന്ന ക്ലാസായ 'ബ്രിഡ്ജ് കോഴ്സാ'ണു മറ്റൊരു പ്രവർത്തനം. കോളനിയിൽനിന്നു തിരഞ്ഞെടുത്ത പ്രവർത്തകർക്കു പരിശീലനം നൽകി അവരിലൂടെയാണു ശുചിത്വവും നല്ല ശീലങ്ങളും കുട്ടികളെ പഠിപ്പിക്കുന്നത്.



യുവജനങ്ങളുടെ ക്ഷേമത്തിലൂന്നിയ പ്രവർത്തനങ്ങൾക്കും വളരെയധികം പ്രാധാന്യം കുടുംബശ്രീ നൽകിയിട്ടുണ്ട്. സാധ്യമായ എല്ലാ സ്ഥലങ്ങളിലും യൂത്ത് ക്ലബ്ബുകൾ സ്ഥാപിച്ച് യുവാക്കളെ ക്രിയാത്മകമായ പ്രവൃത്തികളിലേക്കു തിരിക്കാൻ സാധിച്ചിട്ടുണ്ട്. ഇതു കൂടാതെ തൊഴിൽ ചെയ്യാൻ താൽപര്യമുള്ളവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുകയും ലേബർ ബാങ്കായി ഇതിനെ മാറ്റുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടിയിലെ സർക്കാർ/ഇതര അവിദഗ്ധ തൊഴിലുകൾ ഈ ലേബർ ബാങ്കിനു നൽകാനുള്ള സർക്കാർ ഉത്തരവു പ്രതീക്ഷിക്കുകയാണ്. ഇതു ലഭ്യമായാൽ സ്വന്തം നാട്ടിൽത്തന്നെ തൊഴിൽ ലഭിക്കാൻ ഇവർക്ക് അവസരം ലഭ്യമാകും. ഇതിനുപരിയായി പ്ലംബിങ്, ഡ്രൈവിങ്, ഇലക്ട്രീഷൻ തുടങ്ങി യുവാക്കൾക്കു താൽപര്യമുള്ള മേഖലയിലെല്ലാം വിദഗ്ധ പരിശീലനം സൗജന്യമായി നൽകാനും കുടുംബശ്രീ മുൻകൈയെടുത്തിട്ടുണ്ട്.

കാർഷികരംഗത്തു സ്വയംപര്യാപ്തത കൈവരിക്കാനും കൃഷിയിലേക്കു പട്ടികവർഗ കുടുംബങ്ങളെ തിരിച്ചുകൊണ്ടുപോകാനും വേണ്ടി ശക്തമായ ഇടപെടൽ കാർഷിക മേഖലയിൽ നടത്താൻ തുടങ്ങിയെങ്കിലും മഴയുടെ ലഭ്യതക്കുറവുമൂലം വിചാരിച്ച നേട്ടത്തിലെത്തിക്കാൻ സാധിച്ചിട്ടില്ല. ഈ വർഷം കാർഷിക ഉന്നമനത്തിനായിരിക്കും അട്ടപ്പാടിയിൽ ഏറ്റവും ശ്രദ്ധ കൊടുക്കുന്നത്.

കുടുംബശ്രീയുടെ ലഘു സമ്പാദ്യ പ്രവർത്തനങ്ങൾക്കും ലഘു സംരംഭങ്ങൾ തുടങ്ങാൻ പ്രേരിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രാധാന്യം കൊടുക്കുകയും അയൽക്കൂട്ടങ്ങൾ ശക്തിപ്പെടുത്തുന്നത് ഏറ്റവും പ്രധാനപ്പെട്ട അജൻഡയായി പരിഗണിച്ചതുമാണ് അട്ടപ്പാടി പ്രോജക്ടിന്റെ വിജയമന്ത്രം. എല്ലാ കുടുംബങ്ങളെയും അയൽക്കൂട്ടങ്ങളിൽ ചേർക്കുകയും ഇവയ്ക്കു പ്രവർത്തനത്തിനാവശ്യമായ റിവോൾവിങ് ഫണ്ട്, കമ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് എന്നിവ നൽകുകയും ചെയ്ത് ഇവയെ ശക്തിപ്പെടുത്തിയതോടെ സമ്പാദ്യശീലം വർധിച്ചു. സ്വന്തം ആവശ്യങ്ങൾക്കു വായ്പയായി പണം ലഭിക്കാൻ സൗകര്യം ലഭിച്ചതോടെ കടക്കെണിയിൽനിന്നു മോചിതരാവാൻ കുടുംബങ്ങൾക്കു സാധിച്ചു. കൂടാതെ ചെറിയ കച്ചവടം തുടങ്ങി ഉപജീവന മാർഗം കണ്ടെത്താനും കുടുംബശ്രീ വഴിയൊരുക്കി. വനവിഭവങ്ങൾ ശേഖരിച്ചു വിൽക്കുന്നതിൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാൻ സാധിച്ചതും 'മല്ലീശ്വര പ്രോഡക്ട്' എന്ന പേരിൽ ബ്രാൻഡ് വികസിപ്പിക്കാൻ സാധിച്ചതും 'അട്ടപ്പാടി ബ്ലാക്ക്' എന്ന ആടിന്റെ പരിപാലനവും വിൽപനയും ചൂഷണമില്ലാതെ സാധ്യമാക്കി കുടുംബങ്ങളുടെ വരുമാനം വർധിപ്പിക്കാൻ കഴിഞ്ഞതുമൊക്കെ എടുത്തുപറയേണ്ട നേട്ടങ്ങൾ തന്നെയാണ്.

അട്ടപ്പാടിയിലെ കുടുംബശ്രീയുടെ പ്രവർത്തനം വിജയിച്ചതിനാൽ ഇതേ മാതൃകയിൽ ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളിൽ ആദിവാസി മേഖലയിൽ പ്രവർത്തനം നടത്താൻ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം ലക്ഷ്യമിടുന്നുണ്ട്. ഇതു കൂടാതെ കേരളത്തിൽ ആറളം, തിരുനെല്ലി പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക്, ഇടുക്കിയിലെ ചില പിന്നാക്ക പ്രദേശങ്ങൾ എന്നിവിടങ്ങളിൽ അട്ടപ്പാടി മാതൃകയിൽ ശാക്തീകരണ പ്രവർത്തനം നടത്താൻ ആറരക്കോടി രൂപ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിൽനിന്നു ലഭിച്ചു കഴിഞ്ഞു. കുടുംബശ്രീയുടെ സംഘാടനവും സംഘാടനശക്തിയും പ്രവർത്തനപരിചയവും ആദിവാസി മേഖലയിൽ അട്ടപ്പാടിയിലെ മികച്ച പ്രവർത്തനങ്ങളുടെ വിജയവും ഒരുമിപ്പിച്ച് മറ്റു സംസ്ഥാനങ്ങളിലും സമഗ്ര വികസനത്തിനും ഉപജീവനമാർഗം നൽകാനുള്ള ജോലി ഏറ്റെടുത്തു മുന്നോട്ടു കൊണ്ടുപോകാമെന്നു പ്രതീക്ഷിക്കുന്നു.